# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 244 28.06.2016 ൽ – മറുപടിക്ക്

## ദേശീയ ഭക്ഷ്യഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>,, പി. ഉണ്ണി<br>,, എ.എൻ ഷംസീർ<br>,, യു. ആർ. പ്രദീപ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം (National Food Security Act) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) 2013 ലെ ദേശീയ ഭക്ഷ്യ സുരക്ഷ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. |
| (ബി) ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ നിലവിലുള്ള റേഷനിംഗ് സമ്പ്രദായത്തെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ബി) 2013 ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം ഷെഡ്യൂൾ (IV) പ്രകാരം 14.25 ലക്ഷം മെ.ടണ്ണാണ് സംസ്ഥാനത്തിന്റെ അലോട്ട് മെന്റായി നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്തിനുള്ള നിലവിലെ അഡ്ഹോക്ക് അലോട്ട്മെന്റ് ഒഴികെയുള്ള നോർമൽ അലോട്ട്മെന്റായ 12.26 ലക്ഷം മെ.ടണ്ണിനേക്കാൾ 1.99 ലക്ഷം മെ.ടൺ കൂടുതലാണിത്. നിലവിൽ 582735 ലക്ഷം എ.എ.വൈ. കാർഡുകളിൽ ഉൾപ്പെട്ട 2797128 പേരും 1479612 ബി.പി.എൽ. കാർഡുകളിൽ പെട്ട 6806215 പേരും ചേർത്ത് ആകെ 9603343 ആളുകളാണ് ഉള്ളത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽ വരുമ്പോൾ 15480040 (ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത്) പേർ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടും. നിലവിലെ എ.പി.എൽ(എസ്.എസ്)/എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ഒരു വിഭാഗം കുടുംബങ്ങളും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടു വരും. 2013 ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വരുന്നതിന് മുമ്പുള്ള മൂന്ന് വർഷത്തെ അഡ്ഹോക്ക് അലോട്ട്മെന്റ് ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യ അലോട്ട്മെന്റിന്റെ ശരാശരി 16.01 ലക്ഷം മെ.ടണ്ണാണ്. |

ഈ അളവിൽ ഭക്ഷ്യ ധാന്യങ്ങൾ തുടർന്നും സംസ്ഥാനത്തിന് അനുവദിച്ചു തരണം എന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതു കൂടി ലഭ്യമായാൽ 1.76 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യം കൂടി കേരളത്തിന് ലഭ്യമാകും.

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും അവ ഉപഭോക്താക്കളെ എങ്ങനെ ബാധിക്കുമെന്നും വ്യക്തമാക്കുമോ?

(സി) 2013 ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിനായി താഴെ പറയുന്ന നാല് കാര്യങ്ങൾ നടപ്പാക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

1) <u>മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ</u>

മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന ജനങ്ങളെ സുതാര്യമായ രീതിയിൽ കണ്ടെത്തണം.

2) <u>വാതിൽപ്പടി വിതരണം</u>

പൊതുജനങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിഹിതം ഇടനിലക്കാരില്ലാതെ സർക്കാർ സംവിധാനമുപയോഗിച്ച് നേരിട്ട് റേഷൻ കടകളിൽ എത്തിക്കുന്ന വാതിൽപ്പടി വിതരണം നടപ്പാക്കണം.

3) <u>ഓൺലൈനിലൂടെ അനുവദിക്കൽ</u>

റേഷൻ സാധനങ്ങളുടെ വിഹിതം ലഭ്യമാകുന്നത് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ യഥാസമയം അറിയിക്കുന്നതിനുള്ള സംവിധാനം.

4) <u>പരാതി പരിഹാര സംവിധാനം</u>

പൊതുജനങ്ങൾക്ക് റേഷൻ വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ പരാതി നൽകുവാനും അവ പരിഹരിക്കുന്നതിനുമായി പരാതി പരിഹാര സംവിധാനം.

Thulasi

*സെക്ഷൻ ഓഫീസർ*